പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.696 11.07.2016 -ൽ മറുപടിക്ക്**

## എം സി റോഡിന്റെ നവീകരണം

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|---|
| (എ) എം.സി. റോഡിൽ തയ്ക്കാട് മുതൽ പന്തളം വരെയുള്ള ഭാഗം വീതി കൂട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) വീതി കൂട്ടുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) & (ബി) | തൽക്കാലം വീതി കൂട്ടുന്നതിന് ഉദ്ദേശിക്കുന്നില്ല. കെ.എസ്.റ്റി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തൈക്കാട് (വെഞ്ഞാറമൂട്) - അടൂർ റോഡ് ഒരു മാതൃകാ റോഡു സുരക്ഷാ കോറിഡോറായി മാറ്റുന്നതിന്റെ ഭാഗമായി തൈക്കാട് മുതൽ അടൂർ വരെയുള്ള എം.സി റോഡിന്റെ ഉപരിതലം പുതുക്കി എല്ലാവിധ റോഡു സുരക്ഷാ ക്രമീകരണവും ഏർപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചുവരുന്നു. |
| (സി) വെഞ്ഞാറമൂട് ജംഗ്ഷനിലും സമീപത്തും എത്ര മീറ്റർ വീതിയാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (സി) | വെഞ്ഞാറമൂട് ജംഗ്ഷനിൽ 12.60 മീറ്ററും ജംഗ്ഷനിൽ നിന്നും കൊട്ടാരക്കര ഭാഗത്തേയ്ക്ക് 50 മീറ്റർ മാറി 14 മീറ്ററും, ജംഗ്ഷനിൽ നിന്ന് തിരുവനന്തപുരത്തേയ്ക്ക് 50 മീറ്റർ മാറി 14 മീറ്ററുമാണ് നിലവിലത്തെ വീതി. കൂടുതൽ സ്ഥലമെടുപ്പിന് നിർവ്വാഹമില്ലാത്തതിനാൽ ഈ വീതി ഇങ്ങനെ തന്നെ നിർത്തി ജംഗ്ഷൻ മെച്ചപ്പെടുത്തുന്ന പ്രവൃത്തി മേൽപ്പറഞ്ഞ നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത വീതി കൂട്ടൽ പ്രവൃത്തിയുടെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ, ഇവയുടെ നഷ്ടപരിഹാരം നൽകൽ തുടങ്ങിയവയെക്കുറിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ; | (ഡി) | ഭൂമി ഏറ്റെടുക്കുന്നില്ല |

| | | |
|---|---|---|
| (ഇ) | പ്രസ്തുത പ്രവൃത്തി എന്നു മുതൽ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ഇ) ഉപരിതലം പുതുക്കി റോഡു സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ടെണ്ടർ അംഗീകരിച്ചാലുടൻ നിർമ്മാണ പ്രവൃത്തി തുടങ്ങുന്നതാണ്. |
| (എഫ്) | പ്രസ്തുത റോഡിന്റെ തയ്ക്കാട് മുതൽ കാരേറ്റ് വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് ലഭ്യമാക്കുമോ? | (എഫ്) കെ.എസ്.ടി.പി ഒന്ന് പദ്ധതിയിൽ ഉൾപ്പെടുത്തി 2010 - ൽ നിർമ്മാണം പൂർത്തിയാക്കിയ എം.സി റോഡിന്റെ തൈക്കാട് മുതൽ കാരേറ്റ് വരെയുള്ള റോഡ് ഭാഗത്തിന്റെ അലൈൻമെന്റ് മാപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം) |

സെക്ഷൻ ഓഫീസർ